**കൊല്ലം ജില്ലയിൽ കമ്മ്യൂണിറ്റി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി**

**64(354)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ എവിടെയൊക്കെയാണ് പുതുതായി കമ്മ്യൂണിറ്റി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ, അഞ്ചൽ എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു

**ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം**

**65(355)** ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) അതിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ:

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്രലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ:

(ഡി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ടെണ്ടർ സ്വീകരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന അവസാന തിയതി 27-12-2010 ആണ്. അതിനുശേഷം പി.ഡബ്ല്യു.ഡി. മാനദണ്ഡങ്ങൾ അനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

(സി) 30 ലക്ഷം രൂപ.

(ഡി) കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകുപ്പ് നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ പണി തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly